**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3908** **21.10.2016 ൽ മറുപടിയ്ക്ക്**

**"കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ച"**

**ചോദ്യം**
ശ്രീ. എം.രാജഗോപാലൻ

(എ) കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ച മൂലം ബുദ്ധിമുട്ടനുഭവിക്കുന്ന കർഷകരെ സഹായിക്കാൻ ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) വിലത്തകർച്ച മൂലം റബ്ബർ, തെങ്ങ് കർഷകർ നേരിടുന്ന കടുത്ത പ്രതിസന്ധികൾ പരിഹരിക്കുന്നതിനും സംഭരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

**ഉത്തരം**
ശ്രീ. വി.എസ്.സുനിൽ കുമാർ
(ബഹു.കൃഷി വകുപ്പ് മന്ത്രി)

(എ) യും (ബി) യും കാർഷികോല്പന്നങ്ങൾക്ക് ന്യായമായ വില കർഷകർക്ക് ലഭിക്കുന്നതിന് കൃഷി വകുപ്പ് മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. നെല്ലിന് ന്യായ വില ഉറപ്പു വരുത്തുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന കി.ഗ്രാമിന് 21.50 രൂപ നിരക്കിൽ നെല്ലു സംഭരണവും, നാളികേരത്തിന് ന്യായമായ വില ലഭിക്കുന്നതിന് കേരഫെഡിന്റെ സഹകരണത്തോടെ കൃഷിഭവനുകളിലൂടെ കിലോയ്ക്ക് 25/- രൂപ നിരക്കിൽ പച്ച നാളികേര സംഭരണ പദ്ധതിയും നടപ്പിലാക്കി വരുന്നു. കഴിഞ്ഞ ബഡ്ജറ്റിൽ ഇത് 27/- രൂപയാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനു പുറമേ റബ്ബർ വിലയിടിവിന് പരിഹാരമായി ' റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

നെല്ലിന് ന്യായമായ വില ഉറപ്പു വരുത്തുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന എല്ലാ ജില്ലകളിലേയും കർഷകരിൽ നിന്ന് നെല്ല് സംഭരിച്ചു വരുന്നു. കേന്ദ്ര സർക്കാരിന്റെ വികേന്ദ്രീകൃത നെല്ലു സംഭരണ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് സംസ്ഥാനത്ത് നെല്ലു സംഭരണം നടപ്പിലാക്കുന്നത്. കേന്ദ്ര സർക്കാർ നെല്ലിന് പ്രഖ്യാപിക്കുന്ന താങ്ങുവില, ഉല്പാദന ചെലവുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിലെ കർഷകരെ സംബന്ധിച്ചിടത്തോളം കുറവായതുകൊണ്ട് സംസ്ഥാന സർക്കാർ ഒരു ഉയർന്ന സംഭരണ വില നൽകിയാണ് നെല്ല് സംഭരിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ ഇപ്പോഴത്തെ താങ്ങുവില കിലോയ്ക്ക് 14.70 രൂപയാണ്. സംസ്ഥാന സർക്കാർ നിലവിൽ കിലോഗ്രാമിന് 21.50 രൂപ നിരക്കിലാണ് നെല്ല് സംഭരിക്കുന്നത്.

റബ്ബറിന് വിലസ്ഥിരത ഉറപ്പാക്കുന്നതിന് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി ധനവകുപ്പും റബ്ബർ ബോർഡും സംയുക്തമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഈ പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് കിലോയ്ക്ക് അതതു ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം, റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നു. കിലോയ്ക്ക് 150 രൂപയാണ് ഇപ്പോൾ റബ്ബറിന്റെ താങ്ങുവിലയായി കണക്കാക്കുന്നത്

**സെക്ഷൻ ഓഫീസർ**